ബൈപ്പാസുകളുടെ നിർമ്മാണം

126 (2226) ശ്രീ. പി. വിശ്വൻ :
ശ്രീ. സാജു പോൾ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബൈപ്പാസുകളുടെ നിർമ്മാണത്തിനാണ് സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഇപ്പോൾ ഏതെല്ലാം ബൈപ്പാസുകളുടെ നിർമ്മാണം നടന്നു വരുന്നു ;

(ഡി) ഇവ നിശ്ചിത തീയതിക്കകം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ;

(എഫ്) ഇപ്പോൾ ഏതെല്ലാം ബൈപ്പാസുകളുടെ സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ മാന്യവിരുദ്ധപാക്കേജ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ ബൈപ്പാസുകളുടെ വിശദവിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

സംസ്ഥാനത്ത് ദേശീയപാത വിഭാഗത്തിൽ നിലവിൽ 8 ബൈപ്പാസുകൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

കെ.എസ്.ടി.പി. യുടെ ഒന്നാം ഘട്ടത്തിൽപ്പെടുത്തി എം.സി. റോഡിൽ അടൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) അംഗീകാരം കിട്ടിയ ബൈപ്പാസുകളുടെ പണികൾ എല്ലാം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നിർമ്മാണം മുടങ്ങിയ ബൈപ്പാസുകൾ എൻ.എച്ച്.ഡി.പി. ഫേസ് III-ൽ ഉൾപ്പെട്ടതാകയാൽ എൻ.എച്ച്.എ.ഐ. എൻ.എച്ച്-17 ന്റെയും എൻ.എച്ച്-47-ന്റെയും നാലുവരിപാതയാക്കുന്ന പ്രവൃത്തികളുടെ കൂടെ പൂർത്തീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തിരുവല്ല, പാല നഗരങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മരാമത്ത് വകുപ്പ് ഏറ്റെടുത്ത പദ്ധതികൾ

127 (2227) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം മരാമത്ത് വകുപ്പ് സംസ്ഥാനത്ത് ഏറ്റെടുത്ത പദ്ധതികൾ എത്രയെണ്ണം ; അവ ഏതെല്ലാം ;

(ബി) ഇതിൽ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാതിരിക്കുന്ന എത്ര പദ്ധതികളുണ്ട് ; അവ ഏതെല്ലാം ;

(സി) മരാമത്തുവകുപ്പ് ഏറ്റെടുക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടികളെടുത്തുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മരാമത്തു വകുപ്പിനു കീഴിൽ ബഡ്ജറ്റ് പ്രവൃത്തികൾക്കു പുറമേ വിഷൻ 2010, മാദ്ധ്യവിരുദ്ധ പാക്കേജ്, മലബാർ പാക്കേജ്, ലോംഗ് ടേം ഹെവി മെയിന്റനൻസ്, കെ.എസ്.ടി.പി. പദ്ധതി എന്നീ ശീർഷകങ്ങളിലായി പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. അതോടൊപ്പം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗര വികസന പദ്ധതികൾ കൂടി നടപ്പിലാക്കുന്നുണ്ട്. കൂടാതെ വളരെ മോശം, അവസ്ഥയിലുള്ള ഒ.ഡി.ആർ. ഉൾപ്പെടെയുള്ള റോഡുകളുടെ അപ്ഗ്രഡേഷൻ പ്രത്യേക പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ബി) മിക്കവാറും പദ്ധതികൾ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(സി) ഉണ്ട്. പ്രധാനമായും കാലവർഷമാണ് കാലതാമസം ഉണ്ടാക്കിയത്. കാലതാമസം ഒഴിവാക്കാനായി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയ്ക്കനുസരണമായി ടെണ്ടർ സമർപ്പിക്കാനുള്ള സമയം 5 ദിവസം മുതൽ 14 ദിവസംവരെയായി കുറവ് വരുത്തിക്കൊണ്ടും ODR/MDR റോഡുകളുടെ അറ്റകുറ്റപ്പണികളുടെ വിജ്ഞാപനം അതത് ജില്ലകളിൽനിന്നും പ്രസിദ്ധീകരിക്കുവാനും അനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിന് ശേഷം ടി.എസ്. ടെണ്ടർ നടപടികൾ എക്സിക്യൂഷൻ എന്നിവയ്ക്കായി നിശ്ചിത സമയക്രമം

LIBRARY ARCHIVES Kerala Legislative Assembly